THURSDAY 05/02/2026 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 05/02/2026

1. 2026 ഫെബ്രുവരി 11 മുതൽ 16 വരെ തിരുവനന്തപുരം ആനയറ കാർഷിക മൊത്ത വ്യാപാര വിപണി കോമ്പൗണ്ടിൽ വൈഗ 2026 സംഘടിപ്പിക്കുന്നു. പ്രകൃതികൃഷിയിലൂടെ ഭക്ഷ്യ സുരക്ഷയും പൊതുജന ആരോഗ്യവും, കാർഷിക മൂല്യവർദ്ധനവ്, പ്രോസസ്സിംഗ്, പാക്കേജിംഗ്, ബ്രാൻഡിംഗ്, വിപണന സംവിധാനങ്ങൾ, കാർഷിക യന്ത്രവത്ക്കരണം, അഗ്രി-സ്റ്റാർട്ടപ്പുകൾ, ഡിജിറ്റൽ കാർഷിക സാങ്കേതികവിദ്യകൾ, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, അഗ്രി-ഫിനാൻസ്, കയറ്റുമതി സാധ്യതകൾ, തുടങ്ങിയ വിഷയങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടാണ് വൈഗ 2026 സംഘടിപ്പിക്കുന്നത്. അഗ്രി-ഹോർട്ടി ഉത്പന്നങ്ങളുടെ പ്രദർശന സ്റ്റാളുകൾ ഉൾപ്പെടുന്ന വിപുലമായ എക്സിബിഷൻ, കാർഷിക രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്ന സെമിനാറുകളും ശില്പശാലകളും, ബിസിനസ് ടു ബിസിനസ് (B2B) മീറ്റുകൾ, DPR ക്ലിനിക്കുകൾ, നിക്ഷേപ സാധ്യതകൾ സംബന്ധിച്ച ചർച്ചകൾ, കർഷക സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന പരിപാടികൾ എന്നിവ വൈഗ 2026-ൻറെ ഭാഗമായി

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാദിവസവും വൈകുന്നേരങ്ങളിൽ കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്. കർഷകർക്കും സംരംഭകർക്കും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന, വൈഗ 2026-നെ ഉയർത്തിക്കാട്ടുന്നതിലൂടെ കേരളത്തെ കാർഷിക മൂല്യശൃംഖല വികസനത്തിന്റെ ദേശീയ-അന്തർദേശീയ കേന്ദ്രമായി സ്ഥാപിക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം.

## പരിശീലന പരിപാടി

2. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതി ചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീര പരിശീലന കേന്ദ്രത്തിൽ വെച്ച് 10.02.26 മുതൽ 21.02.2026 വരെയുള്ള തീയതികളിലായി കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലുള്ളവർക്ക് പാലുൽപ്പന്ന നിർമ്മാണ പരിശീലന പരിപാടി നടത്തുന്നു. ക്ഷീരോൽപ്പന്ന നിർമ്മാണ സംരഭകത്വം ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്കും ക്ഷീരകർഷകർക്കും പരിശീലനം പ്രയോജനപ്പെടുത്താവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപ. ആധാർ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കാർഡിൻ്റെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലനത്തിന് താൽപര്യമുള്ളവർ 06.02.26 ന് വൈകുന്നേരം 5 മണിക്ക് മുൻപായി നേരിട്ടോ 0495-2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കൺഫർമേഷൻ ലഭിച്ചവരെ മാത്രം പരിശീലനത്തിന് പങ്കെടുപ്പിക്കുന്നതുമാണ്.

3. റബ്ബർ ബോർഡിന്റെ ഉടമസ്ഥതയിലുള്ള വിവിധ നഴ്സറികളിൽ അംഗീകൃത റബ്ബറിനങ്ങളുടെ നടീൽ വസ്തുക്കൾ വിതരണത്തിന് തയ്യാറായിവരുന്നു. നടീൽ വസ്തുക്കളുടെ ബുക്കിങ്, വിതരണം എന്നിവ സംബന്ധിച്ചുള്ള സംശയങ്ങൾക്ക് റബ്ബർ ബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ കെ.ചന്ദ്രലേഖ 2026 ഫെബ്രുവരി 5 വ്യാഴാഴ്ച രാവിലെ10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ ഫോണിലൂടെ മറുപടി നൽകും. കോൾസെന്റർ നമ്പർ 04812576622.

4. ചെടികൾക്ക് മൂലക ലഭ്യത ഉറപ്പാക്കാനായി പല പാടശേഖരങ്ങളിലും കർഷകർ തളിവള പ്രയോഗം \ അഥവാ പത്രപോഷണ മാർഗ്ഗം സ്വീകരിക്കുന്നുണ്ട്. തളിവളങ്ങൾ പ്രയോഗിക്കുമ്പോൾ മെച്ചപ്പെട്ട ഫലം ലഭിക്കുന്നതിനായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംസ്ഥാന കീടനിരീക്ഷണ കേന്ദ്രം പ്രോജക്റ്റ് ഡയറക്ടർ ചുവടെ പറയുന്നു. ചൂട്ടു കൂടി നിൽക്കുന്ന സമയത്ത് തളിവള പ്രയോഗം നടത്തരുത്. രാവിലെ 6 മണി മുതൽ 9 മണി വരെയും വൈകുന്നേരം 4.30 മുതൽ 6.30 വരെയുമുള്ള സമയമാണ് ഇപ്പോഴത്തെ കാലാവസ്ഥയിൽ തളിവളപ്രയോഗത്തിന് അനുകൂലം. തീരെ ഉണങ്ങിക്കിടക്കുന്ന കണ്ടങ്ങളിൽ തളിവളപ്രയോഗം നടത്തരുത്. തളിവളങ്ങൾ പ്രയോഗിക്കുമ്പോൾ 2 സെ.മീ. കനത്തിൽ കണ്ടത്തിൽ വെള്ളം നിർത്തണം. ഈ വെള്ളം 24 മണിക്കൂർ സമയം നിലനിർത്തണം. വെള്ളത്തിൽ പൂർണ്ണമായും ലയിക്കുന്ന സ്വഭാവമുള്ളവയും കുറഞ്ഞതോതിലുള്ള ലവണ സൂചികയുള്ളവയുമായ വളക്കൂട്ടുകൾ മാത്രമേ പത്രപോഷണത്തിനായി തെരഞ്ഞെടുക്കാവൂ. പൂവിടുന്ന സമയത്ത് ഒരു തരത്തിലുള്ള സ്പ്രേയിംഗും നടത്താൻ പാടുള്ളതല്ല.